391/2012
31-08-2012

# വിജ്ഞാപനം - 113

വന്ദ്യ സഹോദര വൈദികരെ,

നമ്മുടെ രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം 2012 സെപ്റ്റംബർ 9-ാം തിയതി ഞായറാഴ്ച വൈകിട്ട് 6.30 ആരംഭിച്ച് 14-ാം തിയതി വെള്ളിയാഴ്ച രാവിലെ ദിവ്യബലിയോടെ അവസാനിക്കുന്നതാണ്. സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ചായിരിക്കും ധ്യാനം നടത്തുന്നത്. ഞായറാഴ്ച വൈകിട്ട് കുർബാനയുള്ള പള്ളികളിൽ വേണ്ട ക്രമീകരണങ്ങൾ വരുത്തി ഞായറാഴ്ച ധ്യാനം ആരംഭിക്കുന്നതിനുമുമ്പുതന്നെ എത്തിച്ചേരുവാൻ ബന്ധപ്പെട്ട ബഹു. അച്ചന്മാർ ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു. ധ്യാനം അനുഗ്രഹപ്രദമാകുന്നതിന് നമ്മൾ പ്രാർത്ഥിക്കുകയും ജനങ്ങളുടെ പ്രാർത്ഥനാസഹായം തേടുകയും വേണം. സെഹിയോൻ ധ്യാനടീമായിരിക്കും ധ്യാനം നയിക്കുന്നത്. അവർക്കുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

**ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരേണ്ടവ;**

കുർബ്ബാന കണക്ക് പുസ്തകം

കുമ്പസാര അനുവാദ പത്തോന്തി

ബൈനേഷൻ ട്രൈനേഷൻ കണക്കുകൾ

രൂപതാ വൈദികർ ക്ഷേമനിധിയിലേയ്ക്ക് ചൊല്ലിയ കുർബാനയുടെ കണക്ക്

രൂപതയിലെ എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്. രൂപതയിൽ സേവനം ചെയ്യുന്ന മറ്റു വൈദികർ ഈ ധ്യാനത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിവരം മുൻകൂട്ടി രൂപതാ കച്ചേരിയിൽ അറിയിക്കേണ്ടതാണ്.

വൈദിക വർഷവും പ്രേഷിത വർഷവും ആചരിച്ച ശേഷം വിശ്വാസവർഷാചരണം തുടങ്ങുന്ന സാഹചര്യത്തിലാണ് നമ്മൾ വാർഷിക





ധ്യാനം നടത്തുന്നത്. വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനി വൈദികരുടെ ദൗത്യത്തിന്റെ മാഹാത്മ്യത്തെയും അവർ ജീവിക്കുന്ന ലോകത്തിലെ സാഹചര്യങ്ങളെയും സൂചിപ്പിച്ചുകൊണ്ട് ഇപ്രകാരം പറയുകയുണ്ടായി. "ഒരു ഭരണകൂടം മതത്തെ നിഷ്കാസനം ചെയ്യുവാൻ ആഗ്രഹിക്കുമ്പോൾ അവർ ആദ്യമായി ചെയ്യുന്നത് പുരോഹിതരെ ആക്രമിക്കുകയാണ് എന്തുകൊണ്ടെന്നാൽ പുരോഹിതൻ ഇല്ലാത്തപ്പോൾ ദിവ്യബലിയാകട്ടെ, കൂദാശകളാകട്ടെ ഉണ്ടായിരിക്കുന്നതല്ല. അവ അന്തർദ്ധാനം ചെയ്യുമ്പോൾ, മതവും നാമവശേഷമാകുന്നു. പുരോഹിതൻ നിർവ്വഹിക്കുന്ന ചുമതലകളുടെ സ്വഭാവം എല്ലാ പദവിയിലുമുള്ള മനുഷ്യർ ശരിയായി മനസ്സിലാക്കിയിരുന്നെങ്കിൽ, പലരും ദൈവത്തിന്റെ നേർക്കുള്ള സ്നേഹത്താൽ -ഭയത്താലല്ല-മൃതിയടയുമായിരുന്നു". അദ്ദേഹത്തിന്റെ വാക്കുകൾ പൗരോഹിത്യത്തെ കരിതേച്ചു കാണിക്കാൻ ശ്രമിക്കുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും വർദ്ധിച്ചുവരുന്ന കേരളക്കരയെ സംബന്ധിച്ചിത്തോളം അന്വർത്ഥമായി വരികയാണ്. ഈ പ്രതിസന്ധിഘട്ടത്തിൽ പുരോഹിതോചിതമായ പുണ്യങ്ങൾ അഭ്യസിച്ചുകൊണ്ട് മാതൃകാപരമായ ജീവിതം നയിക്കുവാൻ നാമെല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതാണ്.

പ്രേഷിതവൃത്തിയിൽ നാം പൂർവ്വാധികം തീക്ഷ്ണതയോടെ പ്രവർത്തിക്കേണ്ടതാണെന്ന അവബോധത്തിലേയ്ക്ക് വരാൻ പ്രേഷിത വർഷാചരണം സഹായിച്ചു എന്നു കരുതുന്നു. വഴി തെറ്റി നടക്കുന്ന കത്തോലിക്കരെ സഭാമാതാവിന്റെ മടിയിലേക്ക് കൊണ്ടുവരുക, ക്രിസ്തുവിനെ അറിയാത്തവർക്ക് ക്രിസ്തുവിനെ നൽകുക, കുട്ടികൾക്ക് വിശ്വാസ പരിശീലനം നൽകുക, മുതിർന്നവരെ വിശ്വാസത്തിലുറപ്പിക്കുക, കൂദാശകളിലൂടെ ദൈവജനത്തെ വിശ്വാസത്തിൽ ശക്തിപ്പെടുത്തുക തുടങ്ങിയവ നമ്മുടെ പ്രധാനപ്പെട്ട ചുമതലകളാണ്. എന്നാൽ "ജീവിത വിശുദ്ധിയിലും പ്രാർത്ഥനാ ചൈതന്യത്തിലും നമ്മൾ പുരോഗമിക്കുന്നതിന്റെ തോതനുസരിച്ചാണ് നമ്മുടെ പ്രേഷിതവൃത്തി ഫലസമൃദ്ധമായിതീരുന്നത്. അവർക്കുവേണ്ടി എന്നെത്തന്നെ ഞാൻ വിശുദ്ധീകരിക്കുന്നു" (യോഹ. 17:19) എന്ന് ദിവ്യരക്ഷകൻ അരു

ളിചെയ്തിരിക്കുന്നതിൽ നിന്ന് ഏതൊരു പ്രേഷിതനും സ്വയം വിശുദ്ധീകരണത്തിൽ എത്രമാത്രം ശ്രദ്ധ പതിപ്പിക്കണമെന്ന് വ്യക്തമാകുന്നു”.

വിശ്വാസവർഷാചരണത്തിന് ഒരുങ്ങുന്ന നമ്മൾതന്നെ ക്രിസ്തുവിലുള്ള ഉറച്ച വിശ്വാസത്തിന്റെ ഉടമകളാകണം. വിശ്വാസമാണ് ദൈവത്തിന്റെ ഏറ്റവും വലിയ ദാനമെന്നും വിശ്വാസം തന്നെയാണ് ഇന്നത്തെ ഏറ്റവും വലിയ ആവശ്യമെന്നുമുള്ള ബോധ്യം നമുക്കുണ്ടാകണം. വിശ്വാസമുള്ളവർക്കെ സഹോദരരെ വിശ്വാസത്തിൽ ഉറപ്പിക്കാൻ സാധിക്കൂ. വിശ്വാസ വർഷത്തിൽ വിശ്വാസപ്രമാണം ദൈവജനത്തിന് വ്യാഖ്യാനിച്ചുകൊടുക്കുവാനും അങ്ങനെ അവരെ വിശ്വാസസംബന്ധമായ കാര്യങ്ങളിൽ അറിവും ഉറപ്പും ഉള്ളവരാക്കുവാനും സർവ്വാത്മനാ യത്നിക്കണം. Nemo dat quod non habet എന്നൊരു തത്വമുണ്ടല്ലോ. അതിനാൽ നിത്യ സത്യങ്ങളെയും ക്രിസ്തുമതത്തിന്റെ മൗലിക തത്വങ്ങളെയും പറ്റി ധ്യാനിച്ചു നമ്മുടെ വിശ്വാസം തന്നെ സജീവവും സുദൃഢമാക്കുവാനും യത്നിക്കേണ്ടതാണ്.“ സഭയെ മാതാവായി സ്വീകരിക്കാത്തവനു ദൈവം പിതാവായിരിക്കുകയില്ല” എന്ന വിശുദ്ധ അഗസ്തിനോസിന്റെ വാക്കുകൾ അനുസ്മരിച്ച്, തിരുസഭയോടൊത്ത് ചിന്തിക്കുവാനും അതിസ്വഭാവിക വെളിച്ചത്തിൽ സകലതും വീക്ഷിക്കുവാനും അങ്ങനെ ക്രിസ്തുവിനോടുള്ള വിശ്വസ്തതയിൽ വളരുവാനും നാം ശ്രമിക്കേണ്ടതുണ്ട്.

കർത്താവ് സ്വന്തം രക്തത്താൽ നേടിയ ദൈവത്തിന്റെ സഭയെ മേയിക്കാൻ പരിശുദ്ധാത്മാവ് നിയോഗിച്ച അജപാലകരാണല്ലോ നമ്മൾ (നടപടി 20:28). കൈവെയ്പിലൂടെ നമുക്ക് ലഭിച്ച പരിശുദ്ധാത്മാഭിഷേകത്തെ വീണ്ടും ഉജ്ജ്വലിപ്പിക്കുവാനുള്ള ഒരവസരമായി ഈ വാർഷിക ധ്യാനത്തെ കാണാൻ നമുക്ക് സാധിക്കട്ടെ (2 തിമോ. 1:6).

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ





2012



## BISHOP'S Engagements

| | | |
|---|---|---|
| **2012 SEPTEMBER** | | |
| 1 | | Synod, Mt. St. Thomas, Kakkanad |
| 2 | AM | Infant Jesus Church, Unnimala |
| | PM | Prasad Matha Church, Mannarkkad |
| 3 | AM | Ordination, Kanjirapuzha |
| 4-5 | | Seminary Commission Meeting, Mangalapuzha |
| 6 | | Sehion Retreat Centre, Thavalam |
| 8 | | Pastoral Council Meeting, Pastoral Centre |
| 9 | AM | St. Joseph's Church, Anakkal |
| 9-14 | | Annual Retreat for Priests, Sehion, Thavalam |
| 20 | PM | Meeting, Bishop's House |
| 21 | AM | Meeting, Pastoral Centre |
| 22 | PM | Meeting, Bishop's House |
| 23 | PM | Abhishekagni Convention, Town Hall, Palakkad |
| 24-25 | | Meeting, Pastoral Centre |
| 29 | AM | Vincent de Paul Meeting, Pastoral Centre |
| 30 | | Holy Trinity Forane Church, Thavalam |
| **2012 OCTOBER** | | |
| 1 | | Palai |
| 2 | | Catechism Teachers' Convention |
| 3 | | Pre- Cana, Yuvakshetra, Mundur |
| | PM | Sehion Retreat Centre, Thavalam |
| 4 | | Sinai Retreat Centre, Mundur |
| 7 | PM | St. Joseph's Church, Kottapuram |
| 11 | | Sehion Retreat Centre, Thavalam |
| 13 | | Alwaye |
| 14 | | St. Pius $X^{th}$ Church, Olippara |



## From the Bishop's Office

**രൂപതാദിനം**

രൂപതാദിന കവറുകൾ ജിം ഓഫ്സെറ്റ് കെട്ടിടത്തിലെ രൂപതാ ഓഫീസ് കൗണ്ടറിൽ നിന്ന് ലഭിക്കുന്നതാണ്. ബഹു വൈദികർ ജനങ്ങളിൽനിന്നുള്ള രൂപതാദിന പിരിവ് കവറിൽ സ്വീകരിച്ച് അവ എത്രയും വേഗം തിരിച്ചു നൽകുമല്ലോ.

**വൈദികരുടെ വാർഷികധ്യാനം**

രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം സെപ്റ്റംബർ 9 മുതൽ 14 വരെയായിരിക്കും. വാർഷിക ധ്യാനത്തെ സംബന്ധിച്ച അഭി. പിതാവിന്റെ വിജ്ഞാപനം കാണുക.

**കണക്കുകൾ**

പള്ളിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ (നഴ്സറി സ്കൂൾ ഉൾപ്പെടെ) കണക്കുകളും സംഘടനകളുടെ രൂപതാതല കണക്കുകളും സെപ്റ്റംബർ 30-ന് മുമ്പ് രൂപതാ കാര്യാലയത്തിൽ ഏല്പിക്കണമെന്ന് അറിയിക്കുന്നു.

**രൂപതാ ഡയറക്ടറി**

2012-13 വർഷത്തെ രൂപതാ ഡയറക്ടറി ജിം ഓഫ്സെറ്റ് പ്രസ്സിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽ നിന്നും **സെപ്റ്റംബർ 15** മുതൽ ലഭ്യമാകുന്നതാണ്.

## തെരട്ടു സമർപ്പിച്ച പള്ളികൾ, പുതിയ കൈക്കാരന്മാർ

| | |
|---|---|
| കണ്ണമ്പ്ര | ശ്രീ. ജേക്കബ് മഞ്ഞളി, ശ്രീ. ആന്റണി ചെറിയമുക്കം |
| വയലൂർ | ശ്രീ. ജോയ് കണ്ണാട്ട്, ശ്രീ. ഷാജി കണ്ടത്തിൽ |
| എടത്തനാട്ടുകര | ശ്രീ. സജിമോൻ കരിയിൽ, ശ്രീ. തോമസ് കപ്പലുമാക്കൽ |
| കരിങ്കയം | ശ്രീ. ജോസഫ് ചക്കാനിക്കുന്നേൽ, ശ്രീ. ബേബി മുതലക്കുഴി |
| ഓടംതോട് | ശ്രീ. ബേബി വാക്കണ്ടത്തിൽ, ശ്രീ. ബേബി വെട്ടുകാട്ടിൽ |
| കയറാടി | ശ്രീ. ജെയിംസ് കാഞ്ഞിരമറ്റത്തിൽ, ശ്രീ. വർഗ്ഗീസ് ചൂരക്കാട്ട് |
| ജോസ്ഗിരി | ശ്രീ. ജോൺ പുത്തൻപുരയ്ക്കൽ, ശ്രീ. തോമസ് പുതുശ്ശേരി |
| നെന്മാറ | ശ്രീ. ജോൺസൺ ചെറുപറമ്പിൽ, ശ്രീ. ബൈജു വടാശ്ശേരിൽ |
| തെക്കെ മലമ്പുഴ | ശ്രീ. മാത്യു വെരുകിൽ, ശ്രീ. സോജൻ മണിയങ്കേരിക്കളം |





## പാസ്റ്ററൽ കൗൺസിൽ

സ്നേഹ ബഹു. അച്ചാ, സിസ്റ്റർ, സുഹൃത്തേ,

രൂപതാ പാസ്റ്ററൽ കൗൺസിൽ 2012 സെപ്റ്റംബർ 8-ാം തിയ്യതി ശനിയാഴ്ച രാവിലെ 10.30 മുതൽ 1 മണിവരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. 2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ ആഗോളസഭയിൽ വിശ്വാസവർഷമായി ആചരിക്കുവാൻ മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുന്ന പശ്ചാത്തലത്തിൽ വിശ്വാസത്തിന്റെ വാതിൽ (Porta Fidei) എന്ന അപ്പസ്തോലിക പ്രബോധനത്തെ അടിസ്ഥാനമാക്കിയാണ് ഇപ്രാവശ്യത്തെ നമ്മുടെ പരിചിന്തനങ്ങൾ നടത്തുന്നത്. അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന പ്രസ്തുത യോഗത്തിലേക്ക് എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളേയും സാദരം ക്ഷണിക്കുന്നു.

**ചർച്ചാവിഷയങ്ങൾ**

1. വിശ്വസിക്കുക, വിശ്വാസം ജീവിക്കുക, വിശ്വാസം ഏറ്റുപറയുക, വിശ്വാസ സാക്ഷ്യം നൽകുക, വിശ്വാസം കൈമാറുക എന്നീ തലങ്ങളിൽ നാമിന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും വെല്ലുവിളികളും വ്യക്തമാക്കുക; വിശ്വാസ വർഷാചരണത്തിന്റെ ഭാഗമായി പ്രതിസന്ധികളേയും വെല്ലുവിളികളേയും നേരിടാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.
2. വിശ്വാസവർഷാചരണം അർത്ഥവത്താക്കാൻ രൂപത, ഫൊറോന, ഇടവക, കുടുംബയൂണിറ്റുകൾ, വ്യക്തികൾ എന്നീ തലങ്ങളിൽ നടപ്പാക്കാവുന്ന പ്രായോഗിക കർമ്മപരിപാടികൾ കണ്ടെത്തുക.
   a. ആഘോഷപരിപാടികൾ
   b. ബോധന - പരിശീലന പരിപാടികൾ
   c. പരസ്നേഹാധിഷ്ഠിത കർമ്മപരിപാടികൾ
3. ഇന്നത്തെ വിദ്യാഭ്യാസ, തൊഴിൽ സംസ്ക്കാരം വിശ്വാസപരിശീലനത്തെയും വിശ്വാസ ജീവിതത്തെയും വിശ്വാസ പ്രഘോഷണത്തെയും എങ്ങനെ ബാധിക്കുന്നുവെന്ന് വിലയിരുത്തുക.
4. നഗരവത്ക്കരണവും അന്യവത്ക്കരണവും ഉപഭോഗാസക്തിയും പരമ്പരാഗത വിശ്വാസകൈമാറ്റ പ്രക്രിയയുടെ വേരുകളെ പിഴുതെറിയാൻ പ്രേരകമാകുന്നുണ്ടോ?

**ഫാ. അബ്രഹാം പാലത്തിങ്കൽ**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

## പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

2012 ആഗസ്റ്റ് 4 ശനിയാഴ്ച രാവിലെ 11 മണിക്ക് ബിഷപ്സ് ഹൗസിൽ കൂടിയ പ്രസ്ബിറ്ററൽ കൗൺസിലിൽ അഭിവന്ദ്യ പിതാവ് അദ്ധ്യക്ഷനായിരുന്നു. ബഹു. ബിജു കല്ലിങ്കൽ അച്ചന്റെ പ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗത്തിൽ അഭിവന്ദ്യ പിതാവ് എല്ലാവരേയും സ്വാഗതം ചെയ്തു. അന്നേ ദിനം വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാന്നിയുടെ തിരുനാളായിതനാൽ എല്ലാവർക്കും പിതാവ് തിരുനാൾ മംഗളങ്ങൾ നേർന്നു. തുടർന്ന് സെക്രട്ടറി ബഹു. ജോർജ്ജ് തുരുത്തിപ്പള്ളി അച്ചൻ റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാ മുഖപത്രത്തിന്റെ നടത്തിപ്പിനെപ്പറ്റി ചിന്തിക്കാൻ രൂപീകരിച്ച കമ്മിറ്റിയുടെ നിഗമനങ്ങൾ ബഹു. ജനറാളച്ചൻ അവതരിപ്പിച്ചു. അതോടൊപ്പം ഈ സംരംഭത്തിൽ അഭിമുഖീകരിക്കാവുന്ന ബുദ്ധിമുട്ടുകളും ബഹു. അച്ചൻ വിശദമാക്കി. മലമ്പുഴയിലുള്ള വൈദികരുടെ സെമിത്തേരി വൈദികർക്കായിത്തന്നെ നിലനിർത്തണമെന്ന് തീരുമാനിച്ചു.

2012 ഒക്ടോബർ 11 ന് ഉദ്ഘാടനം ചെയ്യപ്പെടുന്ന വിശ്വാസവർഷം എപ്രകാരം നമ്മുടെ രൂപതയിൽ ആചരിക്കണമെന്നതിന് പരി. പിതാവിന്റെ വിശ്വാസത്തിന്റെ കവാടം (Porta Fidei) എന്ന അപ്പസ്തോലിക ലേഖനത്തെ അടിസ്ഥാനമാക്കി ബഹു. ജോർജ്ജ് തുരുത്തിപ്പള്ളി അച്ചൻ ആമുഖപ്രഭാഷണം നടത്തി. വിശ്വാസ വർഷത്തിൽ വത്തിക്കാൻ കൗൺസിൽ പഠനങ്ങളും സാർവ്വത്രിക സഭയുടെ മതബോധന ഗ്രന്ഥവും കഴിഞ്ഞ അഖിലലോക യുജവന സംഗമത്തിൽ പുറത്തിറക്കിയ Youcat ഉം എപ്രകാരം നമ്മുടെ രൂപതയിൽ പഠനവിധേയമാക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യാമെന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ പരിഗണനയിൽ വന്നു.

**1. വിശ്വാസവർഷാരംഭം :**

a. സഭാതലത്തിൽ പുറത്തിറങ്ങുന്ന മേജർ ആർച്ചുബിഷപ്പിന്റെ ഇടയലേഖനത്തോടൊപ്പം പാലക്കാട് രൂപതയിലെ കർമ്മപരിപാടികളെ ആസ്പദമാക്കി നമ്മുടെ പിതാവിന്റെ വിജ്ഞാപനം ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുക.

b. കത്തീഡ്രലിൽ അഭിവന്ദ്യ പിതാവും ഇടവകകളിൽ ബഹു. വികാരിയച്ചന്മാരും വിശ്വാസവർഷത്തിന് ആരംഭം കുറിക്കുക.

c. അന്നേദിവസം വിശ്വാസപ്രഘോഷണദിനമായി ആചരിക്കുക





d. അന്നുമുതൽ കുർബാനമദ്ധ്യേ വിശ്വാവർഷാചരണത്തിന് അനുയോജ്യമായ കാറോസൂസകൾ ഉൾപ്പെടുത്തി പ്രാർത്ഥിക്കുക.

e. എല്ലാ ദിവസവും കുർബാനയിലെ വിശ്വാസപ്രമാണം ചൊല്ലുന്നത് അഭിലഷണീയമായിരിക്കും.

**2. രൂപതാ അസംബ്ലി :**

രൂപതയുടെ 40-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി 2014ൽ നടക്കുന്ന രൂപതാ അസംബ്ലിയിൽ വത്തിക്കാൻ കൗൺസിൽ പഠനങ്ങളെ അടിസ്ഥാനമാക്കി ക്ലാസ്സുകളും ചർച്ചാവേദികളും സംഘടിപ്പിക്കുക.

3. വൈദികരുടെ 'ഓൺ ഗോയിംഗ് ഫോർമേഷ'ന്റെ ഭാഗമായി ത്രൈമാസങ്ങളിൽ വിശ്വാസ സംബന്ധമായ വിഷയങ്ങൾ, വത്തിക്കാൻ കൗൺസിൽ മതബോധന ഗ്രന്ഥം എന്നിവ അടിസ്ഥാനമാക്കി ക്ലാസ്സുകളും ചർച്ചകളും സംഘടിപ്പിക്കുക.

**4. അജപാലനരംഗം:**

a. 2012 നവംബർ മുതൽ 2013 നവംബർ വരെ ഞായറാഴ്ചകളിലെ വേദപുസ്തക വായനകൾക്ക് വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള പ്രസംഗക്കുറിപ്പുകൾ ബഹു. വൈദികർക്ക് ലഭ്യമാക്കുക.

b. കുടുംബ സമ്മേളനങ്ങളിൽ പഠിക്കാനും ചർച്ചചെയ്യാനും ചെറിയ ലഘുലേഖകൾ 'കുടുംബക്കൂട്ടായ്മ' വഴി വീടുകളിൽ എത്തിക്കുക. ലഘുലേഖകൾ ലളിതവും ചർച്ചക്കുള്ള ചോദ്യങ്ങൾ ഉൾക്കൊള്ളുന്നവയുമായിരിക്കണം. അവ രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുകയും വേണം. ഫൊറോന ബുള്ളറ്റിനുകളിലും പാരിഷ് ബുള്ളറ്റിനുകളിലും അത് പ്രസിദ്ധീകരിക്കുന്നത് നല്ലതായിരിക്കും.

c. നമ്മുടെ ധ്യാനകേന്ദ്രങ്ങളിൽ പങ്കെടുക്കുന്ന അക്രൈസ്തവരുമായി നല്ല ബന്ധം സ്ഥാപിക്കുകയും അവർ മറ്റു സെക്ടുകളിലേക്ക് പോകാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക.

**5. മതബോധനരംഗം**

a. ഈ വർഷം ക്ലാസ്സ് തലത്തിൽ പി.ടി.എ. കൂടുതൽ സജീവമാക്കാൻ തീരുമാനിച്ചു. ഗാർഹികസഭ കുടുംബമായതിനാൽ മാതാപിതാക്കളിലൂടെയാണ് മക്കൾക്ക് വിശ്വാസം കൈമാറേണ്ടത്. ഇക്കാര്യത്തിൽ മാതാപിതാക്കന്മാരെ ബോധവത്ക്കരിക്കാൻ രണ്ട് രീതികൾ മുന്നോട്ടുവെച്ചു. i) വികാരിയുടെ നേതൃത്വത്തിൽ ii) രൂപതയിൽ നിന്നും ടീം രൂപീകരിച്ച് നേതൃത്വം കൊടുക്കുക.

b. വിശ്വാസ പരിശീലകർക്ക് ശരിയായ രൂപീകരണം കൊടുക്കുക. ഇത് ഇടവക തലത്തിൽ ക്രമീകരിച്ചാൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയും.

c. മതബോധന ഗ്രന്ഥത്തിലെ പഠനങ്ങൾ പ്രത്യേകിച്ച് വിശ്വാസപ്രമാണത്തെപ്പറ്റിയുള്ള വിശദീകരണങ്ങൾ കുട്ടികൾക്കും അധ്യാപകർക്കും പഠനവിഷയമാക്കുക.

**6. സംഘടനകൾ**

കെ.സി.എസ്.എൽ, സി.എം.എൽ. തിരുബാലസഖ്യം, സി.എൽ.സി., കെ.സി.വൈ.എം, മാതൃസംഘം തുടങ്ങിയ സംഘടനകളുടെ വാർഷിക കർമ്മപരിപാടികൾ വിശ്വാസവർഷത്തിന്റെ ചൈതന്യമുൾക്കൊണ്ട് വേണം ക്രമീകരിക്കാൻ. പി.എസ്.എസ്.പിയും കർമ്മപരിപാടികളിൽ ഇത് ഉൾപ്പെടുത്തണം.

വി. കുർബാനയെ കേന്ദ്രീകരിച്ചായിരിക്കണം നമ്മുടെ അജപാലനമെന്നും മറ്റ് ഭക്തകൃത്യങ്ങൾ വിവേകപൂർവ്വം ക്രമീകരിക്കണമെന്നും അഭിവന്ദ്യ പിതാവ് പ്രബോധപ്പിച്ചു. കഴിവതും വി. കുർബാന വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥനയോടുകൂടി നിശ്ചിത സമയത്തുതന്നെ അവസാനിപ്പിക്കുകയും മറ്റ് ഭക്ത കൃത്യങ്ങൾ കുർബാനക്ക് മുമ്പ് ക്രമീകരിക്കുകയും ചെയ്യുന്നത് അഭിലഷണീയമാരിക്കുമെന്നും ഇപ്പോൾ ഉപയോഗത്തിലുള്ള തക്സായിൽ പാകപ്പിഴകളുണ്ടെങ്കിൽ പിതാവിനെ എഴുതി അറിയിക്കണമെന്നും പിതാവ് ഓർമ്മിപ്പിച്ചു.

പ്രസ്ബിറ്ററിൽ കൗൺസിലിൽ ചർച്ചചെയ്ത കാര്യങ്ങളിൽ, സമയബന്ധിതമായി നടപ്പാക്കാൻ പറ്റുന്നവ ക്രമീകരിച്ച് നടപ്പാക്കുന്നതിന് ബഹു. ജോസഫ് ചിറ്റിലപ്പിള്ളി, ബഹു. ജോർജ്ജ് തുരുത്തിപ്പള്ളി, ബഹു. ജോസ് കൊച്ചുപറമ്പിൽ, ബഹു. തോം കിഴക്കേടത്ത്, ബഹു. ജോമിസ് കുടകശ്ശേരിൽ, ബഹു. നിലേഷ് തുരുത്തുവേലിൽ എന്നിവരുടെ കമ്മിറ്റി രൂപീകരിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ബഹു. ജനറാളച്ചൻ നന്ദി പ്രകാശിപ്പിക്കുകയും പ്രാർത്ഥനയോടുകൂടി യോഗം പര്യവസാനിക്കുകയും ചെയ്തു.

**ജോർജ്ജ് തുരുത്തിപ്പള്ളി**
സെക്രട്ടറി

## Maundy Thursday Collection - 2012 (Continue)

| | | | |
|---|---|---|---|
| | Previous Total | | 385423 |
| 1. | Melarkode | St. Antony's Chruch (17.04.12) | 5000 |
| 2. | Chittady (Mary land) | St. Joseph's Church (20.04.12) | 3470 |
| 3. | Chirrtu (Palakkad) | Holy Family Church | 10,000 |





| | | | |
|---|---|---|---|
| 4. | Sholayur | St. Antony's Church | 500 |
| 5. | Chittur (Attapady) | St. Thomas Church | 1000 |
| 6. | Keralassery | IHM Church | 5000 |
| 7. | Palliyara | St. Mary's Church | 400 |
| 8. | Agali | Fathima Matha Church | 3500 |
| 9. | Kalladikkode | Mary Matha Church | 5000 |
| 10. | Kollengode | St. Joseph's Church | 1000 |
| 11. | Valkulambu | St. Antony's Church | 1000 |
| 12. | Irumbakachola | St. Sebastians Church | 2000 |
| 13. | Panamkutty | Christ the King Church | 1000 |
| 14. | Puliyara | St. George Church | 500 |
| 15. | Santhithadam | Santhinatha Church | 750 |
| 16. | Olippara | St Pius Xth Church | 5000 |
| 17. | Padur | Holy Cross Church | 2500 |
| 18. | Ponkandam | St. Joseph's Church | 8000 |
| 19. | Koonathara | St. Ignatius Church | 1000 |
| 20. | Cherpulassery | St. Mary's Church | 500 |
| 21. | Mannarkkad | Holy Spirit Forane Church | 25000 |
| 22. | Malayakam | St. Mary's Church | 1000 |
| 23. | Kannambra | St. Joseph's Church | 1000 |
| 24. | Edathanattukara | St. Williams Church | 3000 |
| 25. | Kairady | Bl. Teresa of Culcata Church | 500 |
| 26. | Josegiri | St. Joseph's Church | 500 |
| | | **Total** | **473543** |

**അഭിനന്ദനങ്ങൾ**



കേരള സർക്കാർ ഏർപ്പെടുത്തിയ പ്രഥമ ട്രാൻസ്പോർട്ട് മെഡലിന് അർഹനായ പൊന്നംകോട് സെന്റ് ആന്റണി ഫൊറോന ഇടവകാംഗം ശ്രീ. അനൂപ് വർക്കിക്ക് (മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, പാലക്കാട്) പാലക്കാട് രൂപതയുടെ അഭിനന്ദനങ്ങൾ.

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 1-Oct-12 | Mon | Rev. Fr. Poovathanikunnel Jacob |
| 2-Oct-12 | Tue | Rev. Fr. Pulickathazhe Raju |
| 3-Oct-12 | Wed | Rev. Fr. Pulikottil Joshy |
| 4-Oct-12 | Thu | Rev. Fr. Pullukalayil Reny |
| 5-Oct-12 | Fri | Rev. Fr. Puramadathil Jino |
| 6-Oct-12 | Sat | Rev. Fr. Puthenpurayil Joshy |
| 8-Oct-12 | Mon | Rev. Fr. Puthukara John |
| 9-Oct-12 | Tue | Rev. Fr. Thaikattil Anto |
| 10-Oct-12 | Wed | Rev. Fr. Thamarassery Sebastian |
| 11-Oct-12 | Thu | Rev. Fr. Thanickal Tenson |
| 12-Oct-12 | Fri | Rev. Fr. Tharaniyil Paul |
| 13-Oct-12 | Sat | Rev. Fr. Thattil Martin |
| 15-Oct-12 | Mon | Rev. Fr. Thekkumkattil Jomy |
| 16-Oct-12 | Tue | Rev. Fr. Theruvankunnel George |
| 17-Oct-12 | Wed | Rev. Fr. Thoonikavil Jose Prakash |
| 18-Oct-12 | Thu | Rev. Fr. Thottankara Francis |
| 19-Oct-12 | Fri | Rev. Fr. Thottian Paul |
| 20-Oct-12 | Sat | Rev. Fr. Thukkuparambil Betson |
| 22-Oct-12 | Mon | Rev. Fr. Thuruthuvelil Nilesh |
| 23-Oct-12 | Tue | Rev. Fr. Thuruthipally George |
| 24-Oct-12 | Wed | Rev. Fr. Vadakkekara Goji |
| 25-Oct-12 | Thu | Rev. Fr. Vadakkekara Tom |
| 26-Oct-12 | Fri | Rev. Fr. Vadakkumchery Thomas |
| 27-Oct-12 | Sat | Rev. Fr. Vadakken Jaison |
| 29-Oct-12 | Mon | Rev. Fr. Valayathil Xavier |
| 30-Oct-12 | Tue | Rev. Fr. Vattukalathil Saji |
| 31-Oct-12 | Wed | Rev. Fr. Vazhayil Mathew |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**





## വിശ്വാസപരിശീലനവേദി

email: catechismpalghat@gmail.com, website: www.catechismpalghat.org

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ **"യേശുനാമം ഏകരക്ഷാ നാമം"** എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. യേശുമാത്രമാണ് ഏക രക്ഷാ മാർഗ്ഗം എന്ന വിശ്വാസത്തിൽ അടിയുറച്ച് വളരുന്ന തലമുറക്ക് ദൈവത്തെ കാണിച്ചുകൊടുക്കുവാൻ ഈ വിശ്വാസവർഷത്തിലെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ.

സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| സെപ്റ്റം. 01 | ശനി | 9.30 am to 4.00 pm | താവളം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 24 | ബുധൻ | 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ഒക്ടോ. 26 | വെള്ളി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| | | | പൊന്നംകോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**I & II HDC ഏകദിന സെമിനാറുകൾ**

HDC ക്ലാസ്സിലെ പഠനശേഷം വിശ്വാസപരിശീലന രംഗത്തു നിന്നും ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അദ്ധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിലെ പള്ളികളിൽ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

സെമിനാറുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| സെപ്റ്റം 02 | ഞായർ | 9.30am to 4.00pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം 02 | ഞായർ | 9.30am to 4.00pm | തത്തമംഗലം ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം 16 | ഞായർ | 9.30am to 4.00pm | മേലാർക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**കയ്യെഴുത്ത് മാസികാമത്സരം**

Vമുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങൾ അല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി 2 രചനകൾ എങ്കിലും ഉണ്ടായിരിക്കണം.100 പേജിൽ കവിയാനും 75 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജ് ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2012 ഡിസംബർ 1-ാം തിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്തു മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്തുമാസികയേ സ്വീകരിക്കുകയുള്ളൂ. ഫെറോനാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങൾ ഉണ്ടയിരിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ രചനകൾ എഴുതാം. ഫൊറോനയിൽ നിന്നും ഒന്നാം സ്ഥാനത്തെത്തുന്ന ഒരു മാസിക മാത്രമെ രൂപതയിലേക്ക് അയയ്ക്കേണ്ടതുള്ളൂ.

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 7-ാം തിയ്യതി ഞായറാഴ്ച നടക്കുന്നു V മുതൽ II HDC ക്ലാസുവരെ ഒന്നാം സെമസ്റ്റർ പരീക്ഷ 100 മാർക്കിൽ ആയിരിക്കും. പഠനഭാഗം -80 മാർക്ക്, ജനറൽ ക്വിസ് - 10 മാർക്ക്, ലോഗോസ് ക്വിസ് - 10 മാർക്ക്. ഒന്നാം സെമസ്റ്ററിൽ ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുന്നതല്ല. I മുതൽ IV വരെ 80 മാർക്കിൽ ആയിരിക്കും പരീക്ഷ.

ജനറൽ ക്വിസ് (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

| | | |
|---|---|---|
| പഠനഭാഗം : | യു.പി. | പേജ് 155-183 |
| | എച്ച്.എസ്. | പേജ് 21-50 |
| | എച്ച്.എസ്.എസ്. | പേജ് 51- 98 |

**അധ്യാപകരുടെ ക്വിസ് മത്സരം**

അധ്യാപകർക്കായുള്ള ക്വിസ് മത്സരം രണ്ടു തലങ്ങളായാണ് നടത്തപ്പെടുന്നത്. ഇടവകകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു ടീം ഫൊറോന തലത്തിൽ മത്സരിക്കുന്നു. അവിടെ നിന്ന് വിജയികളായവരാണ് രൂപതാ തലത്തിൽ മത്സരിക്കുന്നത്. ഒക്ടോബർ 13-ാം തിയ്യതി ഫൊറോന തലവും നവംബർ 24ന് രൂപതാ തലവും നടത്തപ്പെടുന്നു. ഫൊറോനാതലത്തിൽ എഴുത്ത് പരീക്ഷയും രൂപതാ തലത്തിൽ ഓഡിയോ വിഷൻ കൂടി ഉൾപ്പെടുത്തിയുള്ള പരീക്ഷയായിരിക്കും.

പഠനഭാഗം (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

ജനറൽ ക്വിസ് - 50% (പേജ് 100-143), ബൈബിൾ - 50% (വി. മർക്കോസ് 1-16, പത്രോസ് എഴുതിയ രണ്ടാം ലേഖനം)





**കുട്ടികളുടെ ക്വിസ് മത്സരം**

U.P,HS,HSS എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് മത്സരങ്ങൾ നടക്കുന്നത്. ഇടവകയിൽ നിന്നുള്ള ഒരു ടീം ഫൊറോനയിൽ പങ്കെടുക്കുന്നു അവിടെ നിന്നും വിജയിച്ചവരാണ് രൂപതാ തലത്തിൽ യോഗ്യത നേടുക. ഒക്ടോബർ 13ന് ഫൊറോന തലവും ഡിസംബർ 8ന് രൂപതാതലവും നടത്തപ്പെടുന്നു. ഫൊറോനതല മത്സരം എഴുത്തു പരീക്ഷയായിരിക്കും.

പഠനഭാഗം : (വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി)

ജനറൽക്വിസ് - 50% (യു.പി 155-215; എച്ച്.എസ്. 21-50, 100-132; എച്ച്.എസ്.എസ്. 51 -98, 134-149), ബൈബിൾ - 50% (വി. മർക്കോസ് 1-16, പത്രോസ് എഴുതിയ രണ്ടാം ലേഖനം)

**SMCC അവാർഡ്**

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ അവാർഡിനായുള്ള ഫൊറോന, രൂപത തലങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ഈ മാസം ആരംഭിക്കുന്നു. മേഖലാതല ശിൽപശാലകളുടെ സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു. മേഖലാതല ശിൽപാശാലകൾ നടക്കുന്നയിടത്തുള്ള 9.30am ന്റെ വി. കുർബാനയോടുകൂടെയായിരിക്കും ആരംഭിക്കുക.

| | | | |
|---|---|---|---|
| സെപ്തം 9 | ഞായർ | 9.30 am to 4.00pm | താവളം ഫൊറോന (ഫൊറോനപാരിഷ്ഹാൾ) |
| സെപ്തം 16 | ഞായർ | 9.30 am to 4.00pm | കാഞ്ഞിരപ്പുഴ, പൊന്നംകോട്, മണ്ണാർക്കാട് ഫൊറോനകൾ (കാഞ്ഞിരപ്പുഴ ഫൊറോന പാരിഷ്ഹാൾ) |
| സെപ്തം 23 | ഞായർ | 9.30 am to 4.00pm | തത്തമംഗലം, ഒലവക്കോട്, ഒറ്റപ്പാലം (പാസ്റ്ററൽ സെന്റർ) |
| **ഒക്ടോ. 14** | **ഞായർ** | **9.30 amto 4.00pm** | **വടക്കഞ്ചേരി, മംഗലംഡാം, മേലാർക്കോട് ഫൊറോനകൾ (വടക്കഞ്ചേരിഫൊറോന പാരിഷ്ഹാൾ)** |

രൂപതയിൽ നിന്നും സഭാതലത്തിലേയ്ക്ക് രണ്ട് ആൺകുട്ടികളേയും രണ്ട് പെൺകുട്ടികളേയും തെരഞ്ഞെടുത്ത് അയക്കുന്നതിനുള്ള ശിൽപശാല പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ശിൽപശാല നവംബർ 17-ാം തിയ്യതി വെകുന്നേരം 4.00 മണിക്ക് ആരംഭിച്ച് 18-ാം തിയ്യതി വൈകുന്നേരം 3.30ന് അവസാനിക്കുന്നു. SMCC സഭാതല ശിൽപശാലയും അവാർഡ് ദാനവും ഡിസംബർ 27,28,29 തിയ്യതികളിലായി നടക്കുന്നു.

**മതാദ്ധ്യാപക ദിനം**

ഈ വർഷത്തെ മതാദ്ധ്യാപകദിനം ഒക്ടോബർ 2-ാം തിയ്യതി ചൊവ്വാഴ്ചയാണ്. പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്ന മതദ്ധ്യാപകദിനാഘോഷങ്ങളിലേക്ക് എല്ലാ മതാദ്ധ്യാപകരേയും സ്നേഹപൂർവ്വം ക്ഷണി

ക്കുന്നു. മതദ്ധ്യാപകദിനാഘോഷങ്ങൾക്ക് വരുന്ന എല്ലാ മതാദ്ധ്യാപകരും അവരുടെ സർവ്വീസ് കാർഡുകളിൽ ഫോട്ടോ പതിച്ച് ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടി അവ ധരിച്ച് വരണമെന്ന് ഓർമ്മിപ്പിക്കുന്നു. സർവ്വീസ് ഫോം പൂരിപ്പിച്ച് തന്നിട്ടുള്ള പുതിയ അധ്യാപകർക്കുള്ള കാർഡ് ബഹു. വികാരിയച്ചൻമാർ വഴി നൽകുന്നതാണ്.

**റെഗുലർ സ്കൂൾ അധ്യാപക സെമിനാർ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സാന്മാർഗ്ഗികവുമായ വളർച്ചക്ക് സഹായിക്കുന്നതിനായി റെഗുലർസ്കൂൾ അധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു.

സെമിനാർ നടക്കുന്ന സ്ഥലവും തിയ്യതിയും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ഒക്ടോ. 13 | ശനി | 10am to 4pm | താവളം മേഖല (സെന്റ് പീറ്റേഴ്സ് സ്കൂൾ, കൂക്കംപാളയം) |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## ബൈബിൾ അപ്പോസ്തലേറ്റ്

Diocese of Palakkad

**ലോഗോസ് ക്വിസ് 2012**

മത്സരത്തിനുള്ള പാഠഭാഗങ്ങൾ.

1. പുറപ്പാട് 25-40
2. വി. മർക്കോസ് 1-16
3. പത്രോസ് എഴുതിയ രണ്ടാം ലേഖനം.

പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി ബൈബിളും ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2012 സെപ്റ്റംബർ 30-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30വരെയായിരിക്കും. പാഠ്യഭാഗത്തുനിന്ന് 95 ചോദ്യങ്ങളും ലഘുപഠനത്തിൽ നിന്ന് 8 ചോദ്യങ്ങളും ഉണ്ടായിരിക്കും. ചോദ്യപേപ്പറിൽ ആകെ 103 ചോദ്യങ്ങൾ ഉണ്ടായിരിക്കും. അവയിൽ 100 എണ്ണം ശരിയായ ഉത്തരങ്ങളുടെ കോളം കറുപ്പിക്കാനുള്ളതാണ്. അവസാനം കൊടുത്തിരിക്കുന്ന 3 ചോദ്യങ്ങളുടെ ഉത്തരങ്ങൾ ചുരുങ്ങിയ വാക്കുകളിൽ എഴുതാനുള്ളതാണ്.

NB: ഉത്തരക്കടലാസുകൾ ഒക്ടോബർ 1-ാം തിയ്യതി തിങ്കളാഴ്ചതന്നെ രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

അഖില കേരള മത്സര പരീക്ഷയിൽ പങ്കെടുക്കാനുള്ളവരുടെ ജനന





സർട്ടിഫിക്കറ്റും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ അഡ്രസ്സും ഓരോ ഫോട്ടോയും ഇടവകയുടെ പേരുമടക്കം നവംബർ 1 ന് മുൻപായി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. രൂപതാതല വിജയികൾക്കായുള്ള (3x6=18) സംസ്ഥാനതല മത്സരം പി.ഒ.സിയിൽ വച്ച് 2012 നവംബർ 24 ന് രാവിലെ 10.00 മുതൽ ആയിരിക്കും. A വിഭാഗത്തിന്റെ ടെലിക്വിസ് വൈകുന്നേരം 4 മണിക്ക് ആരംഭിക്കും. B വിഭാഗം 6 മണിക്കും C വിഭാഗം 9 മണിക്കും D,E,F വിഭാഗങ്ങളുടെ ടെലിക്വിസ് നവംബർ 25ന് 9.00 am, 11.00 am, 2.00 pm എന്നീ സമയങ്ങളിലും, ഗ്രാന്റ് ഫിനാലെ 4 മണിക്കും നടക്കും. സമ്മാനദാനം വൈകിട്ട് 5.30ന് ആരംഭിക്കും.

**വിശ്വാസവർഷ ബൈബിൾ കലോത്സവം 2012**

മത്സരയിനങ്ങളെക്കുറിച്ച് ഉറപ്പുവരുത്തുന്നതിനുവേണ്ടി

| ജൂനിയർ | സീനിയർ | common |
|---|---|---|
| ലളിതഗാനം(ആൺ)<br>ലളിതഗാനം(പെൺ)<br>സങ്കീർത്തനാലാപനം,<br>ശാസ്ത്രീയസംഗീതം,<br>പ്രസംഗം,<br>സിംഗിൾഡാൻസ്<br>**(ഇടവക/ഫൊറോന രണ്ടുപേർ വീതം)** | ലളിതഗാനം (ആൺ)<br>ലളിതഗാനം (പെൺ),<br>സങ്കീർത്തനാലാപനം,<br>ശാസ്ത്രീയസംഗീതം,<br>പ്രസംഗം,<br>സിംഗിൾ ഡാൻസ്<br>**(ഇടവക/ഫൊറോന രണ്ടുപേർവീതം)** | മാർഗംകളി,<br>തെരുവുനാടകം,<br>ഏകാങ്കം,<br>**(ഇടവക/ ഫൊറോന ഒരു ടീം വീതം)** |
| കഥാപ്രസംഗം<br>(വ്യക്തിഗതം)<br>**(ഇടവക/ഫൊറോന ഒരു ടീം വീതം)** | കഥാപ്രസംഗം<br>(വ്യക്തിഗതം)<br>**(ഇടവക/ഫൊറോന ഒരു ടീം വീതം)** | |
| ഗ്രൂപ്പ് ഡാൻസ്,<br>ബൈബിൾ ക്വിസ്<br>**(ഇടവക/ഫൊറോന ഒരു ടീം വീതം)** | ഗ്രൂപ്പ് ഡാൻസ്,<br>ബൈബിൾ ക്വിസ്<br>**(ഇടവക/ഫൊറോന ഒരു ടീം വീതം)** | |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്റ്റോലേറ്റ്

# അൾത്താരസംഘം

**അൾത്താര സംഘം സെമിനാറുകൾ**

എല്ലാ വർഷങ്ങളിലേതുപോലെ ഈ വർഷവും അൾത്താര ബാലന്മാർക്കായി സെമിനാറുകൾ ഫൊറോന തിരിച്ച് സംഘടിപ്പിക്കുന്നതാണ്. സെമിനാറുകളുടെ തിയ്യതിയും സ്ഥലവും ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| സെപ്റ്റം.01 | ശനി | 9.30 am to4.pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.22 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം. 29 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| നവം. 03 | ശനി | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| നവം. 13 | ചൊവ്വ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |

**അൾത്താര സംഘം ക്വിസ് മത്സരം**

ഈ വർഷം ബൈബിൾ കലോത്സവം നടക്കുന്നതിനാൽ അൾത്താര സംഘം ക്വിസ് മത്സരം ഉണ്ടായിരിക്കുന്നതല്ല.

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ അൾത്താരസംഘം



# തിരുബാലസഖ്യം

**തുടർന്നു വരുന്ന സെമിനാറുകൾ**

| | | | |
|---|---|---|---|
| സെപ്റ്റം.01 | ശനി | 9.30 am to4.pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| സെപ്റ്റം.22 | ശനി | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| സെപ്റ്റം. 29 | ശനി | 9.30 am to 4.00 pm | തത്തമംഗലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| നവം. 03 | ശനി | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| നവം. 13 | ചൊവ്വ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം





# സി. എൽ. സി

പാലക്കാട് രൂപതാ സി.എൽ.സിയുടെ ഈ വർഷത്തെ കർമ്മപദ്ധതി "കർമ്മപദ്ധതി 2013" ന്റെ പ്രകാശനം പെരിയ മോൺ ഫാ. ജോസഫ് ചിറ്റിലപ്പള്ളി നിർവ്വഹിച്ചു. ഡയറക്ടർ ഫാ. മാർട്ടിൻ കളമ്പാടൻ, പ്രസിഡന്റ് ഡെന്നീസ് സി.കെ, ആനിമേറ്റർ സി. ആൻതെരേസ്, സെക്രട്ടറി, സൈമൺ ജോസഫ് എന്നിവർ സംസാരിച്ചു. തുടർന്ന് ഫാ. സജി വട്ടുകളത്തിൽ ഏകദിന സെമിനാറിനു നേതൃത്വം നൽകി.

2012 ആഗസ്റ്റ് 11 ശനിയാഴ്ച ഒലവക്കോട് മേഖല ഏകദിന സെമിനാർ നടത്തപ്പെട്ടു. മേഖല ഡയറക്ടർ ഫാ. വിൻസെന്റ് ഒല്ലൂക്കാരൻ, രൂപതാ ഭാരവാഹികൾ മേഖല ഓർഗനൈസർ റിൻസ് ജോസഫ് എന്നിവർ സംസാരിച്ചു. ഫാ. ജസ്റ്റിൻ (മലമ്പുഴ) കുട്ടികൾക്കായി ഏകദിനസെമിനാറിനു നേതൃത്വം നൽകി.

2012 സെപ്റ്റംബർ 8 ശനിയാഴ്ച പരി. കന്യകാമറിയത്തിന്റെ പിറവിതിരുന്നാൾ ദിവസം എല്ലാ സി.എൽ.സി അംഗങ്ങളും വി. കുർബാനയിൽ പങ്കുകൊള്ളണമെന്ന് ഓർമ്മപ്പെടുത്തുന്നു.
അന്നേദിവസം മംഗലംഡാം മേഖലയുടെ ഏകദിനസെമിനാർ നടത്തപ്പെടുന്നതായിരിക്കും.

**പ്രാർത്ഥന:** നിങ്ങളുടെ ഗുരുക്കന്മാർക്കായി ആത്മാർത്ഥമായി പ്രാർത്ഥിക്കുക
**പഠനം:** വി. ഗ്രന്ഥത്തിൽ ഗുരുവായി ഈശോ സ്വയം പ്രഖ്യാപിക്കുന്ന സന്ദർഭങ്ങൾ അർത്ഥം ഗ്രഹിച്ചും മനസ്സിലാക്കുക
**പ്രവർത്തനം:** പരി. കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥം യാചിച്ച് തെറ്റിൽ നിന്നും ഒരാളെ പിന്തിരിപ്പിക്കുക.

**ഫാ. മാർട്ടിൻ കളമ്പാടൻ**
ഡയറക്ടർ, സി.എൽ.സി.

# കെ. സി. വൈ. എം

**സംസ്ഥാന ക്യാമ്പ്-എഫാത്ത 2012**

പാലക്കാട് രൂപതയിൽ സംസ്ഥാന സമിതി നേതൃത്വം നൽകുന്ന എഫാത്ത 2012 ക്യാമ്പ് ആഗസ്റ്റ് 31, സെപ്റ്റംബർ 1, 2 തിയ്യതികളിൽ നടത്തപ്പെടുന്നു. 'നവസുവിശേഷവത്കരണം നവയുഗസൃഷ്ടിക്ക്' എന്ന പഠന വിഷയം കൂടുതൽ പഠിക്കുവാനും അതു താഴെ തട്ടുകളിൽ എത്തിക്കുക എന്ന ലക്ഷ്യവുമായാണ് ഈ ക്യാമ്പ് സംഘടിപ്പിക്കുന്നത്.

**ഓണ പായസ വിതരണം**

കെ.സി.വൈ.എം പാലക്കാട് രൂപതാസമിതിയുടെ ഓണാഘോഷത്തോട് അനുബന്ധിച്ച് ജില്ലാ ആശുപത്രിയിലെ എല്ലാ രോഗികൾക്കും പായസം ഓണദിവസം വിതരണം ചെയ്യുന്നതാണ്.

**അർദ്ധവാർഷിക സെനറ്റ്**

പ്രസ്ഥാനത്തിന്റെ ഫൊറോന രൂപതസമിതികളുടെ ആദ്യ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഇനിയുള്ള ആറുമാസ കാലത്തെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിനും ആഗസ്റ്റ് 10, 11 തിയ്യതികളിൽ രൂപതാ പാസ്റ്ററൽ സെന്ററിൽ കൂടുകയുണ്ടായി. സെനറ്റ് സമ്മേളനം ഫാ. ജോഷി പുത്തൻപുരയിൽ ഉദ്ഘാടനം ചെയ്തു. ഫാ. ജസ്റ്റിൻ ക്ലാസുകൾ നയിച്ചു. സെനറ്റിൽ യുവജനങ്ങളെ പറഞ്ഞയച്ച ഡയറക്ടർമാർക്കും, ആനിമേറ്റർമാർക്കും, പങ്കെടുപ്പിച്ച് വിജയിപ്പിച്ച സെനറ്റ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ. സ്നേഹത്തിന്റെയും ഐശ്വര്യത്തിന്റെയും ഒരായിരം ഓണാശംസകൾ

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.

## മാതൃസംഘം

**സെപ്റ്റംബർ മാസത്തിലെ പ്രവർത്തനങ്ങൾ**

| | |
|---|---|
| | - വിവാഹമെന്ന കൂദാശയുടെ കൗദാശികവശത്തിന്റെ പ്രസക്തി |
| പ്രബന്ധമത്സരം | - അനുരഞ്ജന കൂദാശയുടെ സമകാലിക പ്രസക്തി (1 മണിക്കൂർ, 6-8 പേജുകൾ)യൂണിറ്റുതലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് രൂപതാതലത്തിൽ പ്രവേശനം. |
| | - ക്രൈസ്തവ ജീവിതം കൂദാശാജീവിതം തന്നെ |
| | - മനസാക്ഷി രൂപീകരണം കാലഘട്ടത്തിന്റെ അനിവാര്യത |
| ജനറൽ ക്വിസ് | - പഠനമാധ്യമം: വിശ്വാസപരിശീലനത്തിന് ഒരു വഴികാട്ടി |
| ഫൊറോന സെമിനാർ | - ഒലവക്കോട് ഫൊറോന |
| സെപ്റ്റം. 21 | - ബൈബിൾ കലോത്സവം. സെപ്റ്റം 8. രചനാമത്സരം 25 വയസ്സിന് താഴെയുള്ള അമ്മമാർ പങ്കെടുക്കുക. |

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം





## ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**2012 സെപ്റ്റം. 3, 4, 5, 6** തിയ്യതികളിൽ, **ഒക്ടോ. 1, 2, 3, 4** തിയ്യതികളിൽ മുണ്ടൂർ യുവക്ഷേത്രയിൽവച്ച് നടത്തപ്പെടുന്നു.

കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കന്മാർക്കായി വ്യാഴാഴ്ച 9.30ന് സജ്ജമാക്കിയിരിക്കുന്ന ക്ലാസ്സിൽ അവർ നിർബന്ധമായും പങ്കെടുത്തിരിക്കണം.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| സെപ്റ്റം. | 02-07 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| സെപ്റ്റം. | 16-21 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 04924 - 327710

**സെഹിയോൻ കൺവെൻഷൻസ്**

സെപ്റ്റം. 16 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**അഭിഷേകാഗ്നി ബൈബിൾ കൺവെൻഷൻ**

സെഹിയോൻ അഭിഷേകാഗ്നി ബൈബിൾ കൺവെൻഷൻ പാലക്കാട് മുൻസിപ്പൽ സ്റ്റേഡിയം ഗ്രൗണ്ടിൽ സെപ്റ്റം. 19-23 വരെ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും രാവിലെ 10 മുതൽ ഉച്ചക്ക് 1 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. address: www sehion.org/ web TV

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# പി. എസ്. എസ്. പി.

**ജില്ലാഹെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ് ഹെഡ് മീറ്റിംഗ് 4.9.12 ന് ചൊവ്വാഴ്ച പി.എസ്.എസ്.പി യിൽ വച്ച് 11 മണിക്ക് നടത്തുന്നു.

**ബ്ലോക്കുഹെഡ് മീറ്റിംഗ്**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 10.9.12 | തിങ്കൾ | പാലക്കാട്/മലമ്പുഴ | പാസ്റ്ററൽസെന്റർ | 11 am |
| 12.9.12 | ബുധൻ | മണ്ണാർക്കാട് | കാരാപ്പാടം സമാജം | 11 am |
| 13.9.12 | വ്യാഴം | ശ്രീകൃഷ്ണപുരം | പ്ലാന്തോട്ടം | 11 am |
| 14.9.12 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2 pm |
| 17.9.12 | തിങ്കൾ | അട്ടപ്പാടി | ഗൂളിക്കടവ് | 11 am |
| 19.9.12 | ബുധൻ | നെന്മാറ | പാരിഷ്ഹാൾ | 11 am |
| 26.9.12 | ബുധൻ | ആലത്തൂർ | FCC വടക്കുഞ്ചേരി | 11 am |

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 17.9.12 | തിങ്കൾ | ഗൂളിക്കടവ് റീജിയണൽ ഓഫീസ് | 11 am to2pm |
| 18.9.12 | ചൊവ്വ | സാൻജോ ടവ്വർ പാലക്കാട് | 11 am to2pm |
| 19.9.12 | ബുധൻ | നെന്മാറ പാരിഷ് ഹാൾ | 11 am to2pm |
| 20.9.12 | വ്യാഴം | കരിമ്പ പാരിഷ് ഹാൾ | 11 am to2pm |
| 26.9.12 | ബുധൻ | FCC വടക്കുഞ്ചേരി | 11 am to2pm |

**ലീഡേഴ്സ്ട്രൈനിംഗ്**

സമാജം അയൽക്കൂട്ടങ്ങൾ എന്നിവയുടെ അയൽക്കൂട്ടങ്ങളിലെ ലീഡേഴ്സിനുവേണ്ടി "സംഘം നടത്തിപ്പ്" എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി താഴെ പറയുന്നദിവസങ്ങളിൽ നടത്തപ്പെടുന്നു.

| | | |
|---|---|---|
| 8.9.12 ന് | ശനിയാഴ്ച വടക്കുഞ്ചേരി | 10 മണിമുതൽ 4 മണിവരെ |
| 15.9.12 ന് | ശനിയാഴ്ച നെന്മാറയിൽ | 10 മണിമുതൽ 4 മണിവരെ |

**ഓർണമെന്റ്സ് ട്രെയിനിംഗ്**

(ഫാഷൻ ആഭരണ നിർമ്മാണ വിപണന പരിശീലനം)





ഫാഷൻ ആഭരണങ്ങൾ നിർമ്മിക്കുന്നതിനു വിൽക്കുന്നതിനുവേണ്ടിയുള്ള മൂന്നു ദിവസ ം നീണ്ടുനിൽക്കുന്ന ഒരു പരിശീലനം വാടക്കുഞ്ചേരിൽ വച്ച് സെപ്റ്റംബർ 27,28,29 തീയതികളിൽ നടത്തുന്നു. ഇരുപതോളം തരം ഫാഷൻ ആഭരണങ്ങൾ നിർമ്മിക്കുവാൻ പഠിപ്പിക്കുകയും ഇതിനാവശ്യമായ പഠന സാമഗ്രികളുടെ കിറ്റ് നൽകുകയും ചെയ്യുന്നു. ഫീസ് 1000 രൂപവരെയാണ് പഠിക്കുവാൻ താല്പര്യമുള്ളവർ പി.എസ്.എസ്.പി.,യിൽ പേര് രജിസ്റ്റർചെയ്യേണ്ടതാണ്.

**സേവ് എ ഫാമിലി ബെനഫാക്ടർ മാർക്കുള്ള ക്രിസ്തുമസ് കത്തുകൾ**

സേവ് എ ഫാമിലി-ആലത്തൂർ,ഒറ്റപ്പാലം,അട്ടപ്പാടി റീജിയണുകളിലെ വിവിധ സെന്ററുകളിലെ ബഹു. സ്പോൺസർമാർ അവരുടെ നിലവിലുള്ള എല്ലാ സേവ് എ ഫാമിലി ഗുണഭോക്താക്കളുടെയും ബെനബാക്ടർമാർക്ക് ക്രിസ്തുമസ്സിനോടനുബന്ധിച്ച് അയക്കേണ്ട കത്തുകൾ എഴുതേണ്ട സമയമായി സെപ്റ്റംബർ മാസം 15നു മുമ്പായി ഇവ എഴുതി പി.എസ്.എസ്. പി., ഓഫീസിൽ ആനിമേറ്റർമാർ വഴി എത്തിക്കണമെന്ന് അറിയിക്കുന്നു.

# കെ.എൽ.എം. പാലക്കാട്

**പാലക്കാട് ജില്ലാ കമ്മിറ്റി രൂപീകരിച്ചു**

കേരള ലേബർ മൂവ്മെന്റ്(കെ.എൽ.എം) പാലക്കാട് ജില്ലാ സമിതി നിലവിൽ വന്നു. 19.8.12 ന് ഞായറാഴ്ച പാസ്റ്ററൽസെന്ററിൽ വച്ചു നടന്ന ഓറിയന്റേഷൻ ക്ലാസ്സിന് കെ.എൽ.എം സ്റ്റേറ്റ്സെക്രട്ടറി ശ്രീ. എ.ജെ സാബു കോട്ടയം, റീജിയണൽ ഡയറക്ടർ ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ എന്നിവർ നേതൃത്വം നൽകി. തുടർന്ന് നടന്ന ജില്ലാ കമ്മിറ്റി തെരഞ്ഞെടുപ്പിൽ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ

1. ഡെന്നി തെങ്ങും പള്ളി (പ്രസിഡന്റ്), ഫോൺ: 9446876309 സന്തോഷ് അറയ്ക്കൽ വൈസ്.പ്രസിഡന്റ്, ആൻസി സജി (വൈസ്പ്രസിഡന്റ്) ബിനോയി പി.ജെ(ജനറൽ സെക്രട്ടറി) ഫോൺ : 9495345861.

വി.സി തോമസ്,അനുമാത്യു, മാത്യു, സി.എം, വിനി ഉലഹന്നാൻ (സെക്രട്ടറിമാർ) കെ.വി ജോർജ്ജ്(ട്രഷറർ) ഫോൺ:9961556318. ജോയി ജോസഫ്, ജോയി പാലാപറമ്പിൽ, ജോസഫ് ജോസഫ്, ജോസഫ് ടി.വി (എക്സി. മെമ്പർമാർ)

പാലക്കാട് ജില്ലയിലെ അസംഘടിതരായ തൊഴിലാളികളുടെ സംഘാടനത്തിനും ആത്മീയ സാമൂഹ്യ സാംസ്കാരിക-സാമ്പത്തിക ഉന്നമനത്തിനും വേണ്ടി നമുക്കൊറ്റക്കെട്ടായി പ്രയത്നിക്കാം. ജില്ലയിലെ ആദ്യ കെ.എൽ.എം കമ്മറ്റിക്ക് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# From the Bishop's Diary

**2012 ജൂലൈ**

31 – അരമനയിൽ നടന്ന കൺസൾട്ടേഴ്സ് മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– യാക്കര മാർത്താ കോൺവെന്റിൽ പുതുതായി നിർമ്മിച്ച ചാപ്പൽ വെഞ്ചരിച്ച് വി. കുർബാനയർപ്പിച്ചു.

**2012 ആഗസ്റ്റ്**

1 – കൊച്ചി പി.ഒ.സിയിൽ ഹെൽത്ത് കമ്മീഷൻ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

2 – വള്ളിയോട് പോളിടെക്നിക് കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

4 – അരമനയിൽവെച്ചുനടന്ന പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

5 – ദൈവവിളി സംഗമം പ്രമാണിച്ച് വളമംഗലം തിരുഹൃദയ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

6-10 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കെ.സി.ബി.സി ധ്യാനത്തിൽ സംബന്ധിച്ചു.

11 – പാസ്റ്ററൽ സെന്ററിൽ നടന്ന കൈക്കാരന്മാരുടെ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– സി.എം.എൽ സംഘടന കത്തീഡ്രലിൽ സംഘടിപ്പിച്ച പ്രാർത്ഥനായജ്ഞത്തിൽ സംബന്ധിച്ചു. സന്ദേശം നൽകി.

12 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

13 – ചന്ദ്രനഗർ ഭാരതമാതാ പബ്ലിക് സ്കൂളിൽ പുതുതായി നിർമ്മിച്ച കെട്ടിടം വെഞ്ചരിച്ച് ഉദ്ഘാടനം ചെയ്തു.

– വല്ലകം സെന്റ് മേരീസ് ദൈവാലയത്തിൽ മുൻ ഇടവകവികാരി ബഹു. മാത്യു പഴയമഠം അച്ചന്റെ മൃതദേഹസംസ്ക്കാരത്തോടനുബന്ധിച്ച് നടത്തപ്പെട്ട സമൂഹബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.





15 – ഭാരത സ്വാതന്ത്ര്യ ദിനത്തത്തോടും പരി. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടും അനുബന്ധിച്ച് കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ചു.

16 – സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

17 – നെന്മാറ, ചിറ്റിലഞ്ചേരി, അളുവശ്ശേരി പള്ളികൾ സന്ദർശിച്ചു.

18 – കറുവപ്പാറയിൽ 'ഫ്രാൻസിസ്ക്കൻ സിസ്റ്റേഴ്സ് ഓഫ് ഡില്ലിംഗൻ' സന്യാസ സമൂഹത്തിന്റെ പുതുതായി നിർമ്മിച്ച മഠവും കപ്പേളയും വെഞ്ചരിച്ചു. വി. കുർബാനയർപ്പിച്ചു.

– കൊഴിഞ്ഞാമ്പാറ ഇടവകാതിർത്തിയിലുള്ള സന്യാസിനീ ഭവനങ്ങൾ സന്ദർശിച്ചു.

19 – പാസ്റ്ററൽ സെന്ററിൽ കെ.എൽ.എം.ന്റെ ജില്ലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് നടത്തപ്പെട്ട സമ്മേളനം ഉദ്ഘാടനം ചെയ്തു.

– ധോണി ക്രിസ്റ്റഫർ പ്രൈവറ്റ് ഐ.ടി.ഐയുടെ ജനറൽബോഡി യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

– അദിലാബാദ് ബിഷപ്പ് മാർ ജോസഫ് കുന്നത്ത് സി.എം.ഐ. അരമന സന്ദർശിച്ചു.

20-25 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സിനഡിൽ സംബന്ധിച്ചു.

26 – മാന്നാനത്ത് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ കബറിടത്തിങ്കൽ മറ്റ് സീറോ മലബാർ മെത്രാന്മാരോടൊപ്പം വി. കുർബാനയർപ്പിച്ചു.

27-01 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സിനഡിൽ സംബന്ധിച്ചു.